വി.ആർ. 248107/2021/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
02-07-2021

## സർക്കുലർ

വിഷയം : വിദ്യാരംഗം കലാസാഹിത്യവേദി 2021-22 വർഷത്തെ പ്രവർത്തനങ്ങൾ സംബന്ധിച്ച്
സൂചന : 30-06-2021-ൽ നടന്ന ജില്ലാ കോ-ഓർഡിനേറ്റർമാരുടെ ഓൺലൈൻ മീറ്റിംഗ്

കോവിഡിന്റെ പശ്ചാത്തലത്തിൽ വിദ്യാരംഗം കലാസാഹിത്യവേദിയുടെ 2021-22 വർഷത്തെ പ്രവർത്തനങ്ങൾ ഓൺലൈനായും ഡിജിറ്റലായും നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. വിദ്യാരംഗം മാർഗരേഖയിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം വിദ്യാർത്ഥികളുടെ കലാപരവും സാഹിത്യപരവുമായ കഴിവുകൾ പരിപോഷിപ്പിക്കപ്പെടുംവിധമാണ് ഈ വർഷത്തെ പരിപാടികൾ ആസൂത്രണം ചെയ്തിരിക്കുന്നത്. ഇതുപ്രകാരം കഥ, കവിത, ചിത്രം, അഭിനയം, പുസ്തകാസ്വാദനം, കാവ്യാലാപനം, നാടൻപാട്ട് എന്നീ ഏഴുമേഖലയിലെയും പ്രവർത്തനങ്ങൾ നടക്കേണ്ടതുണ്ട്. സ്കൂൾ, ഉപജില്ല, ജില്ല, സംസ്ഥാനം എന്നീ തലങ്ങളിലായിരിക്കും പ്രവർത്തനങ്ങൾ നടക്കുക. സ്കൂൾതല പ്രവർത്തനങ്ങളിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന യു.പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളിലെ ഏറ്റവും മികച്ച രണ്ടുരചനകൾ ഉപജില്ലയിലേക്കയയ്ക്കണം. ഉപജില്ലയിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന രണ്ട് രചനകൾ ജില്ലയിലേക്ക് അയയ്ക്കണം. ജില്ലയിലെ മികച്ച രണ്ട് രചനകളാണ് സംസ്ഥാനത്തിലേക്ക് എത്തേണ്ടത്. കഥ, കവിത, ചിത്രം എന്നീ ഇനങ്ങളിലാണ് എൽ.പി.തല പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടത്. ഇത് ജില്ലാതലത്തിൽ അവസാനിപ്പിക്കേണ്ടതാണ്.

കഥ, കവിത, എന്നീ ഇനങ്ങൾക്ക് വിഷയനിർദ്ദേശം വേണ്ടതില്ല. ചിത്രരചനയ്ക്ക് 'കോവിഡ്കാലത്തെ ആശുപത്രി' എന്നതാണ് വിഷയം. പുസ്തകാസ്വാദനത്തിൽ കോവിഡ്കാലത്തെ വിശ്രമകാലത്ത് കുട്ടികൾ വായിച്ച ഒരു പുസ്തകത്തെക്കുറിച്ച് നിരൂപണബുദ്ധ്യാ എഴുതിയ ആസ്വാദനമാണ് പരിഗണിക്കേണ്ടത്. അഭിനയത്തിൽ വിദ്യാർത്ഥികൾ ഏകാംഗാഭിനയമാണ് നടത്തേണ്ടത്. ഏതെങ്കിലും ഒരു കഥാപാത്രമായി മാറിക്കൊണ്ടുള്ള മൂന്നു മിനിറ്റ് ദൈർഘ്യമുള്ള കുട്ടിയുടെ അഭിനയവീഡിയോയാണ് പരിശോധിക്കേണ്ടത്. പാഠപുസ്തകത്തിലെ കഥാപാത്രങ്ങളോ സാഹിത്യകൃതികളിലെ കഥാപാത്രങ്ങളോ തിരഞ്ഞെടുക്കുന്നതാണ് ഉചിതം. കാവ്യാലാപനത്തിൽ കുട്ടികൾ മൂന്നു മിനിറ്റ് ദൈർഘ്യമുള്ള ഒരു കവിത ആലപിച്ച് റിക്കോർഡ് ചെയ്യപ്പെട്ടത് പരിശോധിക്കുന്നു. നാടൻപാട്ടിൽ കുട്ടികൾ അവരുടെ പ്രദേശങ്ങളുമായി ബന്ധപ്പെട്ട പാട്ടുകൾ പാടിയത് പരിഗണിക്കാം. നാടൻപാട്ടിന്റെ അവതരണസമയം 5 മിനിറ്റ് ആയിരിക്കും. കാവ്യാലാപനത്തിലും നാടൻപാട്ടിലും വീഡിയോ രൂപവും പരിഗണിക്കാവുന്നതാണ്. എല്ലാ ഇനത്തിലും ഒരു കുട്ടി മാത്രമേ പങ്കെടുക്കാൻ പാടുള്ളൂ. ഒരു കുട്ടി ഒന്നിലധികം ഇനത്തിലും പങ്കെടുക്കാൻ പാടില്ല. വിവിധതലങ്ങളിൽ തിരഞ്ഞെടുക്കപ്പെടുന്നവർക്ക് വിദഗ്ദ്ധ കലാസാഹിത്യപരിശീലനങ്ങൾ വിവിധ അക്കാദമികളുടെ സഹായത്തോടെ ലഭ്യമാക്കും.

എല്ലാ സ്കൂളുകളിലും വിദ്യാരംഗം കലാസാഹിത്യവേദിയുടെ ഉദ്ഘാടനം ജൂലൈ 15-നകം ഓൺലൈനായി നടത്തേണ്ടതാണ്. പ്രാദേശികതലത്തിൽ അറിയപ്പെടുന്ന വിശിഷ്ടവ്യക്തികളെയാണ് ഉദ്ഘാടനവേളയിൽ ക്ഷണിക്കേണ്ടത്. ഉദ്ഘാടനത്തോടനുബന്ധിച്ച് കലാസാഹിത്യവുമായി ബന്ധപ്പെട്ട ഓൺലൈൻ ശില്പശാലകളും സംവാദങ്ങളും സംഘടിപ്പിക്കാവുന്നതാണ്. വിദ്യാരംഗത്തിന്റെ സ്കൂൾ, ഉപജില്ലാതല പ്രവർത്തനങ്ങളിൽ വിദ്യാരംഗം നടത്തിയ സംസ്ഥാനശില്പശാലകളിൽ പങ്കാളികളായിട്ടുള്ള അദ്ധ്യാപകരുടെ സഹകരണവും സേവനവും ആവശ്യപ്പെടാവുന്നതാണ്.

**പ്രവർത്തനങ്ങളുടെ സമയക്രമം**

സ്കൂൾ - ആഗസ്റ്റ് 25
ഉപജില്ല - സെപ്റ്റംബർ 15
ജില്ല - സെപ്റ്റംബർ 25

ജില്ലാതലങ്ങളിൽ തിരഞ്ഞെടുക്കപ്പെടുന്ന രചനകൾ ഒക്ടോബർ 10-നകം സംസ്ഥാനത്തേക്ക് അയയ്ക്കേണ്ടതാണ്.

വിദ്യാരംഗം പ്രവർത്തനങ്ങളിൽ തല്പരരായ എല്ലാ വിദ്യാർത്ഥികളുടെയും പങ്കാളിത്തം ബന്ധപ്പെട്ട വിദ്യാരംഗം കോ-ഓർഡിനേറ്റർമാർ ഉറപ്പാക്കേണ്ടതും സാങ്കേതികസൗകര്യം വിദ്യാർത്ഥികൾക്ക് യഥാസമയം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

**പൊതുവിദ്യാഭ്യാസഡയറക്ടർ**

സ്വീകർത്താവ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ
എല്ലാ ആർ.ഡി.ഡി.മാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ
എല്ലാ പ്രിൻസിപ്പൽമാർക്കും (ആർ.ഡി.ഡി. മുഖേന)
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ
എല്ലാ പ്രഥമാധ്യാപകർക്കും (ജില്ലാ വിദ്യാഭ്യാസ ഓഫീസർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)
എല്ലാ വിദ്യാരംഗം സ്കൂൾ/ഉപജില്ല/ജില്ലാ കോ-ഓർഡിനേറ്റർമാർ